## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2717 | | 09.05.2017-ൽ മറുപടിക്ക് | |
|---|---|---|---|
| **പ്ലാസ്റ്റിക് നിരോധനം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.സി. ദിവാകരൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല. 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച് 24/09/2016-ലെ 576/ഡി.സി.1/16/തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളു എന്ന് മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും പ്ലാസ്റ്റിക് സംസ്കരണശാലകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതികസഹായവും മേൽനോട്ടവും നൽകുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ